പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 53

# 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 53

# 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

450/2017.

ബിൽ നമ്പർ 53

# 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്), ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഫെബ്രുവരി 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 13-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്,

അതായത്:—

"(1) ഓരോ പ്രാദേശിക കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന ഏഴ് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്രവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഒരു അംഗം;

(ബി) ഒരു വനിതാ അംഗം;

(സി) ഹിന്ദുമതത്തിൽപ്പെട്ട ഒരു ദാർശനികൻ അല്ലെങ്കിൽ ക്ഷേത്രകലകൾ അവതരിപ്പിക്കുന്ന ഒരാൾ അല്ലെങ്കിൽ ഹിന്ദു സാഹിത്യകൃതികൾ രചിച്ച ഒരാൾ;

(ഡി) നാല് മറ്റ് അംഗങ്ങൾ".

3. പ്രാദേശിക കമ്മിറ്റിയിലെ നിലവിലുള്ള അംഗങ്ങളെയും പാരമ്പര്യേതര ട്രസ്റ്റികളെയും സംബന്ധിക്കുന്ന പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രാദേശിക കമ്മിറ്റിയുടെ നിലവിലുള്ള ചെയർമാനും അംഗങ്ങളും പാരമ്പര്യേതര ട്രസ്റ്റികളും 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭതീയതിയിലും അന്നുമുതലും, അതത് സംഗതിപോലെ, പ്രാദേശിക കമ്മിറ്റിയിലെ അപ്രകാരമുള്ള ചെയർമാന്റെയും അംഗങ്ങളുടെയും അല്ലെങ്കിൽ പാരമ്പര്യേതര ട്രസ്റ്റികളുടെയും ഔദ്യോഗിക സ്ഥാനം വഹിക്കുന്നതല്ലാതായിത്തീരുന്നതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിന്റെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 13-ാം വകുപ്പ് പ്രാദേശിക കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണത്തെയും അവരുടെ ഔദ്യോഗിക കാലാവധിയും അയോഗ്യതയും സംബന്ധിച്ച് പ്രതിപാദിക്കുന്നു. ബോർഡിന്റെയും പ്രാദേശിക കമ്മിറ്റികളുടെയും സുഗമമായ പ്രവർത്തനത്തിനുവേണ്ടി, ബന്ധപ്പെട്ട മേഖലകളിൽ നിന്നും പ്രാദേശിക കമ്മിറ്റിയിലെ അംഗങ്ങളെ നിയമിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാനും കൂടാതെ നിലവിലുള്ള പ്രാദേശിക കമ്മിറ്റി അംഗങ്ങളെയും പാരമ്പര്യേതര ട്രസ്റ്റികളെയും സംബന്ധിച്ച് ഒരു പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ്, 2017 ഫെബ്രുവരി 2-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 2-ാം നമ്പർ ഓർഡിനൻസായി 2017 ഫെബ്രുവരി 3-ാം തീയതിയിലെ 204-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2017 ഫെബ്രുവരി 23-ാം തീയതി ആരംഭിച്ച് 2017 മാർച്ച് 16-ാം തീയതി അവസാനിച്ച സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. അതിനാൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ്, 2017 ഏപ്രിൽ 4-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 3-ാം നമ്പർ ഓർഡിനൻസായി 2017 ഏപ്രിൽ 4-ാം തീയതിയിലെ 668-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2017-ലെ 3-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കടകംപള്ളി സുരേന്ദ്രൻ.

(ശരിത്തർജ്ജമ)

# 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്)

** ** ** **

13. <u>പ്രാദേശിക കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണവും ഔദ്യോഗിക കാലാവധിയും അയോഗ്യതകളും.</u>—(1) ഓരോ പ്രാദേശിക കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതാണ്, അതായത്:—

(എ) ഹിന്ദുമതത്തിൽപ്പെട്ട ഒരു ദാർശനികൻ;

(ബി) ഹിന്ദുമതത്തിൽപ്പെട്ട ഒരു സാമൂഹ്യപരിഷ്കർത്താവ്;

(സി) 14-ാം വകുപ്പ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ഏതെങ്കിലും ക്ഷേത്ര ഉപദേശക കമ്മിറ്റികളിൽ നിന്നുള്ള ഒരു അംഗം;

(ഡി) പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്രവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഒരു അംഗം;

(ഇ) ഒരു വനിതാ അംഗം;

(എഫ്) രണ്ട് മറ്റ് അംഗങ്ങൾ.

** ** ** **